**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4340** **06-03-2023 - ൽ മറുപടിയ്ക്ക്**

**അമ്പലമുകൾ പെട്രോകെമിക്കൽ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിൽ നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | **കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിൽ താഴെപറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു:**<br>1. **നാലുവരി റോഡ്**<br>2. **ജലവിതരണ ശൃംഖല**<br>3. **അഗ്നിശമന സംവിധാനം**<br>4. **സബ്സ്റ്റേഷനും അനുബന്ധ ശൃംഖലയും**<br>5. **സെക്യൂരിറ്റിഗേറ്റ്**<br>6. **കോമ്പൗണ്ട് വാൾ**<br>7. **അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്** |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | **പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഒന്നാംഘട്ടവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറുകാരനെ തെരഞ്ഞെടുക്കുകയും 2021 മാർച്ച് 15ന് വർക്ക് ഓർഡർ നൽകുകയും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഒന്നാംഘട്ട വികസനങ്ങൾ ജൂലൈ 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.** |
| (സി) | 2023-24 ലെ ബഡ്ജറ്റിൽ പെട്രോകെമിക്കൽ പാർക്കിനായി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത വർഷത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (സി) | **2023-24 ബജറ്റിൽ പെട്രോകെമിക്കൽ പാർക്കിനായി 44 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക അടിസ്ഥാന സൗകര്യവികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് വിനിയോഗിക്കുന്നത്.** |

സെക്ഷൻ ഓഫീസർ